Draft #6 of File 101662/EI 33-2/2022/EI 33 Approved by ASSISTANT REGISTRAR XXII (EXAM) on 16-Oct-2023 02:22 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

വിഷയം: ഡോ .ഷജില ബീവി എസ് ,സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മറ്റി കൺവീനർ (പരീക്ഷ)_ സർവകലാശാലയിലെ മേഴ്സി ചാൻസ് പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സമർപ്പിച്ച പോളിസി റിപ്പോർട്ട് ബഹു.വൈസ് ചാൻസലർ അംഗീകരിച്ചത് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം ഐ 33 സെക്ഷൻ**

നമ്പർ. 10679/EI 33/2023/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 16.10.2023

---

*പരാമർശം:*-(1) യു.ഓ.നമ്പർ. 4847/EI 33/2023/എം.ജി.യു തീയതി: 04.05.2023 പ്രകാരം, ഡോ .ഷജില ബീവി എസ് ,സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മറ്റി കൺവീനർ (പരീക്ഷ)_സമർപ്പിച്ച സർവകലാശാലയിലെ മേഴ്സി ചാൻസ് പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പോളിസി റിപ്പോർട്ട്

(2) ഫയൽ നം .101662/EI 33-2/2022/EI 33 ൽ 16.10.2023 തിയ്യതിയിലെ ബഹു. വൈസ് ചാൻസിലറുടെ ഉത്തരവ്.

**<u>ഉത്തരവ്</u>**

പരാമർശം (1) ന്റെ അടിസ്ഥാനത്തിൽ, മേഴ്സി ചാൻസ് പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടവിഷയത്തിൽ താഴെ പറയുന്ന ശിപാർശകൾ ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

1. അദാലത്ത് സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷകളിൽ (എൽ എൽ .ബി കോഴ്സുകൾ ഒഴികെ )ഏതെങ്കിലും വിഷയങ്ങൾക്ക് ഇനിയും വിജയിക്കുവാനുള്ള വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അവർ പരീക്ഷ നടത്തിത്തരുവാൻ അപേക്ഷിക്കുന്ന പക്ഷം പ്രസ്തുത കോഴ്സുകൾക്ക് ഒരു Last and Final Special Mercy Chance പരീക്ഷ നടത്തുന്നതാണെന്ന് വ്യാപകമായ പരസ്യം പത്രത്തിലും വെബ്സൈറ്റിലും നൽകി സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷയുടെ ഫീസ് ഈടാക്കി ഒരു Last and Final Special Mercy Chance പരീക്ഷ നടത്താവുന്നതാണ്. അതിനു ശേഷം പ്രസ്തുത പരീക്ഷകൾ നടത്തേണ്ടതില്ല.
2. വിജ്ഞാപനം ചെയ്ത സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷകളിൽ ഇനിയും നടത്താനുള്ളവ താമസം വിനാ നടത്തേണ്ടതാണ്.ആയതു Last and Final Mercy അവസരം ആയിരിക്കും എന്ന് വെബ്സൈറ്റിൽ പരസ്യപ്പെടുതാവുന്നതാണ്.ടൈം ടേബിളിലും അപ്രകാരം ചേർക്കേണ്ടതാണ്.
3. എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് നിലവിൽ സർവകലാശാലയിൽ അഫിലിയേഷൻ ഇല്ലാത്തതിനാൽ വിദ്യാർത്ഥി സൗഹൃദ സമീപനം സ്വീകരിച്ച് പ്രസ്തുത കോഴ്സിന്റെ ഓൾഡ് സ്കീം പരീക്ഷക്ക് പരമാവധി മൂന്ന് അവസരങ്ങൾ നൽകാവുന്നതാണ്.പ്രസ്തുത അവസരം സംബന്ധിച്ച പത്ര പരസ്യവും നൽകേണ്ടതാണ്.ന്യൂ സ്കീം പരീക്ഷ വർഷത്തിൽ ഒരിക്കൽ നടതത്താവുന്നതാണ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

4. അദാലത്തിൽ ഉൾപ്പെടാത്ത പിജി കോഴ്സുകളുടെ മേഴ്സി ചാൻസിനു ശേഷം(Third mercy chance )ഒരു Last and Final Special Mercy Chance എന്ന അറിയിപ്പോടുകൂടി സ്പെഷ്യൽ മേഴ്സി ചാൻസ് ഫീസ് ഈടാക്കി ഒരു അവസരം നല്കാവുന്നതും അതിനു ശേഷം നിർത്തലാക്കാവുന്നതുമാണ്.
5. നിലവിൽ വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന off campus പരീക്ഷകളിൽ വിജയിക്കാത്ത വിദ്യാർത്ഥികൾക്കായി അവർ അപേക്ഷിക്കുന്ന പക്ഷം സ്പെഷ്യൽ മേഴ്സി ചാൻസ് ഫീസ് വാങ്ങി വെബ്സൈറ്റിൽ പരസ്യം ചെയ്ത് ഒരു Last and Final Mercy Chance അവസരം നൽകാവുന്നതാണ്.അതിനു ശേഷം off campus പരീക്ഷകൾക്ക് Special Mercy Chance അവസരം നൽകേണ്ടതില്ല.
6. നിലവിൽ UG/PG/Paramedical/LL.B course കൾക്ക് മൂന്നാം mercy chance അവസരവും കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഒരു Last and Final Special Mercy Chance അവസരം നൽകാവുന്നതാണ്.
7. റെഗുലേഷനിൽ പ്രത്യേകം വിവക്ഷിക്കാത്ത പക്ഷം ഇനിമുതൽ മൂന്ന് വർഷ ഡിഗ്രി കോഴ്സുകൾ വിജയിക്കുവാനുള്ള പരമാവധി അവസരങ്ങൾ 5 ആയി നിജപ്പെടുത്താവുന്നതാണ്.(1 റെഗുലർ അവസരം ,3 സപ്പ്ളിമെന്ററി അവസരം,1 മേഴ്സി ചാൻസ് -last and final )
8. റെഗുലേഷനിൽ പ്രത്യേകം വിവക്ഷിക്കാത്ത പക്ഷം രണ്ടു വർഷ പിജി കോഴ്സുകൾ വിജയിക്കുവാനുള്ള പരമാവധി അവസരങ്ങൾ 4 ആയി നിജപ്പെടുത്താവുന്നതാണ്.(1 റെഗുലർ അവസരം ,2 സപ്പ്ളിമെന്ററി അവസരം,1 മേഴ്സി ചാൻസ് )
9. റെഗുലേഷനിൽ പ്രത്യേകം വിവക്ഷിക്കാത്ത പക്ഷം 3 Year PG കോഴ്സുകൾക്ക് പരമാവധി 4 അവസരം(1 റെഗുലർ അവസരം ,2 സപ്പ്ളിമെന്ററി അവസരം,1 മേഴ്സി ചാൻസ്-last and final )
10. പി ജി സി എസ് എസ് / സി ബി സി എസ് എസ് ന്യൂ സ്കീം (2017 അഡ്മിഷൻ മുതൽ) കോഴ്സുകൾക്ക് റെഗുലേഷന് അനുസൃതമായി അവസരങ്ങൾ നിജപ്പെടുത്താവുന്നതാണ്.
11. എൽ എൽ .ബി (പഞ്ചവത്സര / ത്രിവത്സര ) കോഴ്സുകൾക്ക് മേഴ്സി ചാൻസ് അവസരം റെഗുലേറ്ററി അതോറിറ്റിയുടെ നിയമങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് റെഗുലേഷന് അനുസൃതമായി നിജപ്പെടുത്താവുന്നതാണ്.
12. റെഗുലേഷൻ (സർവകലാശാല,മറ്റ് റെഗുലേറ്ററി ബോർഡുകൾ ) വ്യവസ്ഥ ചെയ്യുന്നത് പ്രകാരം മാത്രം മേഴ്സി ചാൻസ് പരീക്ഷകൾ നടത്തേണ്ടതാണ്.
13. ഉത്തരക്കടലാസുകൾ കാണാതാകുക ,നശിപ്പിക്കപ്പെടുക തുടങ്ങി വിദ്യാർത്ഥികളുടേതല്ലാത്ത കാരണത്താൽ പരീക്ഷ പൂർത്തിയാക്കാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് മേൽ പറഞ്ഞ പ്രകാരം അല്ലാത്ത ഒരു അവസരം നൽകാവുന്നതാണ്.
14. മേൽ പരാമർശിച്ചിരിക്കുന്ന സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷകൾ നടത്തേണ്ടി വരുന്ന പക്ഷം സിലബസ് വ്യത്യാസം ഉള്ളവ , വിദ്യാർത്ഥികളുടെ എണ്ണമനുസരിച്ച്, സിലബസ് ഏകീകരിച്ച് നടത്തേണ്ടി വരുന്ന സാഹചര്യത്തിൽ അപ്രകാരം നടത്താവുന്നതാണ്.
15. മേഴ്സി ചാൻസ് പരീക്ഷകൾ നടത്തുമ്പോൾ ഓരോ സെമെസ്റ്ററിനും / ഓരോ വർഷത്തിനും വെവ്വേറെ മേഴ്സി ചാൻസ് ഫീസ് ഈടാക്കേണ്ടതാണ്.

പ്രസ്തുത ശിപാർശകൾ, പരാമർശം (2) പ്രകാരം മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3, പരിച്ഛേദം 10.17-ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

Draft #6 of File 101662/EI 33-2/2022/EI 33 Approved by ASSISTANT REGISTRAR XXII (EXAM) on 16-Oct-2023 02:22 PM - Page 2

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിനോയ് എ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 22 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1.വൈസ് ചാൻസിലർ /പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

2. രജിസ്ട്രാർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ. മാർ

3. ജെ.ആർ. IV / ഡി.ആർ. VI / എ.ആർ. XXII (പരീക്ഷ വിഭാഗം)/ 4.സിൻഡിക്കേറ്റ് 1 സെക്ഷൻ

5.പരീക്ഷാ / അക്കാഡമിക് വിഭാഗം സെക്ഷനുകൾ

5. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #6 of File 101662/EI 33-2/2022/EI 33 Approved by ASSISTANT REGISTRAR XXII (EXAM) on 16-Oct-2023 02:22 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം